# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2548 — 08/5/2017 -ലെ മറുപടി

## ബേപ്പൂർ മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.കെ.സി.മമ്മത് കോയ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ബേപ്പൂർ നിയോജക മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ളപദ്ധതിയുടെ പ്രവൃത്തികൾ എത്രത്തോളം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ; | (എ) | ബേപ്പൂർ നിയോജക മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം 35.1 കിലോമീറ്റർ കുടിവെള്ള വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 30.5 കിലോമീറ്റർ പൂർത്തീകരിച്ചു. 24.5 കിലോമീറ്റർ പൈപ്പ് ലൈൻ കമ്മീഷൻ ചെയ്ത് വാട്ടർ കണക്ഷൻ നൽകുന്നതിനായി വാട്ടർ അതോറിറ്റിയുടെ കോഴിക്കോട് റഗുലർ ഡിവിഷന് കൈമാറി. |
| (ബി) | ഏതെല്ലാം പ്രദേശങ്ങളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചു; എത്ര കണക്ഷൻ നൽകി; വിശദമാക്കുമോ; | (ബി) | അരകിണർ, നടുവട്ടം (കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ), കുനിയിൽ അമ്പലം റോഡ്, കൈവളപ്പ് എന്നീ പ്രദേശങ്ങളിൽ 76 കണക്ഷനുകൾ നൽകി. |
| (സി) | അപേക്ഷകൾ സ്വീകരിക്കുന്നതിന് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | വെള്ളമെത്തിയ പ്രദേശങ്ങളിൽ കണക്ഷൻ നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (ഡി) | പൈപ്പ് ലൈൻ (വിതരണക്കുഴൽ) സ്ഥാപിച്ചിട്ടുള്ളതും ജലം എത്തിയതുമായ എല്ലാ പ്രദേശങ്ങളിലും ഉടൻ തന്നെ ആവശ്യാനുസരണം വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

JSK/